LIBRARY ARCHIVES Kerala Legislative Assembly

കുടുംബശ്രീ പെൻഷൻ പദ്ധതി

6 (*126) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബശ്രീ പ്രവർത്തകർക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയെ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) നിലവിൽ കുടുംബശ്രീ മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

(സി) 2015-16 സാമ്പത്തിക വർഷം കുടുംബശ്രീ മുഖാന്തരം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഇല്ല. കുടുംബശ്രീ പ്രവർത്തകർക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പെൻഷൻ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചർച്ചകൾ നടന്നുവരുന്നു.

(ബി) ആശ്രയ, എൻ.ആർ.എൽ.എം., ഇൻഷുറൻസ് പദ്ധതി, എൻ.യു.എൽ.എം., സ്ത്രീ പദവി സ്വയം പഠനം, ക്രെഡിറ്റ് ലിങ്കേജ്, റൂറൽ മൈക്രോ എന്റർപ്രൈസസ്, യുവശ്രീ, സ്കിൽ ആന്റ് പ്ലേസ്മെന്റ്, ഇൻഡ്യൻ റെയിൽവേയുമായി സംയോജിച്ചുള്ള പാർക്കിംഗ് സംവിധാനം, കഫേ കുടുംബശ്രീ, പുനർജനി, മീഡിയാശ്രീ, റേ, ഐ.എച്ച്.എസ്.ഡി.പി., ബി.എസ്.യു.പി., ബഡ്സ്, ബാലസഭ, എസ്.റ്റി. പ്രോജക്ട് അട്ടപ്പാടി, ബി. ആർ.സി. തുടങ്ങിയവ കുടുംബശ്രീ നടപ്പിലാക്കിവരുന്നു.

(സി) 2015-16 സാമ്പത്തിക വർഷം കുടുംബശ്രീ മുഖാന്തരം നടപ്പാക്കാനുദ്ദേശിക്കുന്നത് മുൻവർഷങ്ങളിലെ പദ്ധതികൾക്കു പുറമേ സാഗരശ്രീ, ഇ.എൻ.എച്ച്.ജി.എസ്., ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് തുടങ്ങിയവയാണ്.

ശിശുക്ഷേമസമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ക്രഷുകൾ

7 (*127) ശ്രീമതി കെ. കെ. ലതിക :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിശുക്ഷേമസമിതിയുടെ കീഴിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ക്രഷുകളിൽ നിലവിൽ നൽകി വരുന്ന സേവനങ്ങൾ എന്തെല്ലാം ആണെന്നറിയിക്കുമോ ;